നം.കെ.എസ്.എ.പി.റ്റി.എ.പി6/1278/2016 തീയതി: 01-12-2016

# പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 03.05.2016 മുതൽ 07.11.2016വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07.11.16 മുതൽ 16.11.16 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അനിൽ മാത്യു ഐപ്പ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| ശ്രീ. മഹേഷ് കുമാർ കെ.ആർ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. അരുൺ കുമാർ എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | *ശ്രീ. സതീഷ് കെ. പണിക്കർ* | 01.04.2015 മുതൽ 01.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 02.10.2015 മുതൽ 18.11.2015 വരെ |

| | | |
|---|---|---|
| | ശ്രീമതി. രേണുക | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. ഡി. അനിൽകുമാർ | 01.04.2015 മുതൽ 19.07.2016 വരെ |
| | ശ്രീ. എ.ജി. അനിൽകുമാർ (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്) | 20.07.2015മുതൽ 22.07.2015 വരെ |
| | ശ്രീമതി. രേണുകാദേവി അമ്മാൾ എസ്. | 23.07.2015മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | തനതുവരുമാനം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-10 |
| | ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് | 2-1 |

| | | |
|---|---|---|
| | നൽകിയതിന്റെ വിവരം | |
| 12 | വസ്തുനികുതി നിർണ്ണയം - അസസ്സ്മെന്റ് രജിസ്റ്ററും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 2-2 |
| 13 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം വന്നത്-സംബന്ധിച്ച് | 2-3 |
| 14 | മൊബൈൽ ടവറുകൾ ഉപയോഗപ്പെടുത്തുന്ന മുഴുവൻ ഭാഗത്തേയും നികുതി ചുമത്തുന്നില്ല | 2-4 |
| 15 | തൊഴിൽ നികുതി - നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു | 2-5 |
| 16 | എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-6 |
| 17 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് | 2-7 |
| 18 | ഡി&ഒ ലൈസൻസ് - എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല, ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല | 2-8 |
| 19 | കൃത്യമായ വരുമാനത്തിന്റെയടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കാത്തത് | 2-9 |
| 20 | പരസ്യ നികുതി പിരിക്കുന്നില്ല | 2-10 |
| 21 | റീഫണ്ട് ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല | 2-11 |
| | ഭാഗം3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 22 | പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ | 3-1 |

| | | |
|---|---|---|
| | നിന്നും അഡ്വാൻസ് ആയി നൽകിയ 1.25 ലക്ഷം രൂപ HMC അക്കൗണ്ടിൽ നിക്ഷേപിച്ചില്ല. | |
| 23 | 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിന് 296664/- രൂപയുടെ നഷ്ടം സംഭവിച്ചു. | 3-2 |
| 24 | തുങ്കുഴിപ്പടി-പലകക്കാവ് റോഡ് കോൺക്രീറ്റിംഗ് പദ്ധതിയുടെ ഫയൽ ഹാജരാക്കിയില്ല. | 3-3 |
| 25 | കുത്താട്ടുകുളം SC സാംസ്കാരിക നിലയത്തിനു ഫർണ്ണിച്ചർ വാങ്ങിയതു ഉപയോഗിക്കുന്നില്ല. | 3-4 |
| 26 | വെള്ളക്കരം അടവ് പഞ്ചായത്ത് ഫണ്ട് ചോർത്തുന്നു. | 3-5 |
| 27 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അർഹമായ നിരക്കിൽ നൽകുന്നില്ല. | 3-6 |
| 28 | ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-7 |
| 29 | ഗവ. എൽ.പി.എസ്. എച്ച്.എം. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-8 |
| 30 | വനിതാ ഘടക പദ്ധതിക്കായി തുക വകയിരുത്തൽ - പദ്ധതി മാർഗ്ഗരേഖ പാലിക്കുന്നില്ല | 3-9 |
| | ഭാഗം- 4 ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 31 | സംയുക്ത പ്രൊജക്ടുകൾ | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കുകൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| 34 | വായ്പാ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |


# ഭാഗം 1

## പൊതു അവലോകനം

## (1-1) ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയതിന്റെ വിവരം | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തിയ്യതി | 24-03-2015 |
| ബജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തിയ്യതി | 25-03-2015 |

അടുത്ത സാമ്പത്തികവർഷം സ്ഥാപനത്തിന് ലഭിക്കാനുള്ള തനത് വരവിനങ്ങളെ സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് തുക കണക്കാക്കേണ്ടത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ബജറ്റിൽ വിഭാവന ചെയ്തിരുന്നതുപോലെ തനതു വരുമാനം ആർജ്ജിക്കാൻ സ്ഥാപനത്തിന് സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ വരവ് | വ്യത്യാസം |
|---|---|---|---|
| വസ്തുനികുതി | 3500000 | 1924199 | -1575801 |
| തൊഴിൽനികുതി | 1500000 | 1346440 | -153560 |
| വാടക | 50000 | 98400 | 48400 |
| ഡി ആന്റ് ഒ ലൈസൻസ് ഫീസ് | 152000 | 58090 | -93910 |

| | | | |
|---|---|---|---|
| പെർമിറ്റ് ഫീ | 100000 | 58803 | -41194 |
| സേവന നികുതി | 525160 | 289673 | 235487 |

ബജറ്റിനോട് ഗൗരവപൂർണ്ണമായ സമീപനം സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## (1-2) വാർഷിക ധനകാര്യപത്രിക

| *വർഷം* | *ലഭിക്കേണ്ട തീയതി* | *ലഭിച്ച തീയതി* |
|---|---|---|
| 2015-16 | 15.05.2016 | 16.07.2016 |

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം ഖണ്ഡിക 2-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## (1-3) സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | *2015-16* |
|---|---|
| മുന്നിരിപ്പ് | 20527973 |
| വരവ് | 37881073 |
| ആകെ | 58409046 |
| ചെലവ് | 51197169 |
| നീക്കിയിരിപ്പ് | 7211877 |

## (1-4) ഫണ്ട് വിനിയോഗം

| ഫണ്ടിനം | *മുൻ ബാക്കി* | *വരവ്* | ട്രാൻസ്ഫർ ക്രഡിറ്റ് *(Receipt)* | ആകെ | *ചെലവ്* | ട്രാൻസ്ഫർ ക്രഡിറ്റ് *(Payment)* | ആകെ ചെലവ് | *നീക്കി യിരിപ്പ്* |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 681642 | 1535123 | 5213754 | 7430519 | 7430519 | 0 | 7430519 | 0 |
| വികസനഫണ്ട് എസ്.സി.പി. | 362449 | 1920421 | 0 | 2282870 | 2282870 | | 2282870 | 0 |
| വികസനഫണ്ട്-ടി. എസ്.പി. | 562486 | 1244909 | 0 | 1807395 | 1244909 | 562486 | 1807395 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡ് | 624222 | 9079621 | 0 | 9703843 | 9703843 | 0 | 9703843 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 138783 | 2091431 | 0 | 2230214 | 2230214 | 0 | 2230214 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 267239 | 3447009 | 0 | 3714248 | 1756529 | 1957719 | 3714248 | 0 |
| കെ.എൽ. ജി.എസ്. ഡി.പി | 2693549 | 2691590 | 0 | 5385139 | 2691590 | 2693549 | 5385139 | 0 |

(* ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളെ ആസ്പദമാക്കിയാണ് ഫണ്ടിന്റെ വിവരം ഉൾപ്പെടുത്തിയിട്ടുള്ളത്)

## (1-5) തനതു വരുമാനം

| ഇനം | 2014-15 | 2015-16 | വർദ്ധനവ്/കുറവ് |
|---|---|---|---|
| നികുതി വരവുകൾ | 4074431 | 3132825 | (-)941606 |
| നികുതിയേതര വരവുകൾ | 545997 | 3241229 | (+)2695232 |
| മറ്റു വരവുകൾ | 39000 | 16941 | (-)13041 |
| അകെ | 4659428 | 6390995 | |

## (1-6) പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

2015-16

| *ഇനം* | *മേഖല* | *പദ്ധതികളുടെ എണ്ണം* | | *തുക* | |
|---|---|---|---|---|---|
| | | *ആവിഷ്കരിച്ചത്* | *നടപ്പിലാക്കിയത്* | *അടങ്കൽ* | *ചെലവ്* |
| ജനറൽ | ഉല്പാദനം | 9 | 7 | 14569460 | 2298293 |

| | | | | | |
|---|---|---|---|---|---|
| | സേവനം | 32 | 22 | 17863233 | 8574887 |
| | പശ്ചാത്തലം | 70 | 63 | 23122773 | 18841619 |
| എസ്.സി.പി | ഉല്പാദനം | 0 | 0 | 0 | 0 |
| | സേവനം | 6 | 6 | 1841449 | 1426949 |
| | പശ്ചാത്തലം | 4 | 2 | 1475000 | 854921 |
| റ്റി.എസ്.പി | ഉല്പാദനം | 0 | 0 | 0 | 0 |
| | സേവനം | 5 | 4 | 836650 | 545150 |
| | പശ്ചാത്തലം | 2 | 2 | 700836 | 699759 |
| ആകെ | | 128 | 106 | 60409401 | 33241578 |

## (1-7) സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 15 | 15 | 1 |
| 2 | തൊഴിൽ രഹിത വേതനം | 0 | 0 | 0 |
| 3 | വിധവാ പെൻഷൻ | 57 | 57 | 5 |
| 4 | വികലാംഗ പെൻഷൻ | 17 | 17 | 1 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | 0 |
| 6 | വാർദ്ധക്യകാല പെൻഷൻ | 233 | 233 | 42 |

## (1-8) ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.11.2016ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ്/നീക്കിയിരിപ്പ് 6045/-രൂപയുടെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## (1-9) മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.10.2016 | 8/16 മുതൽ 9/16 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2009 മുതൽ 15.05.09 വരെ | 2004-05 മുതൽ 2008-09 വരെ | 11.06.2009 |

## (1-10) ആഭ്യന്തരനിയന്ത്രണസംവിധാനം

ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു.

വരവുകൾ

വരവിനങ്ങളുടെ രജിസ്റ്ററുകൾ - വരവിനങ്ങളിൽ വസ്തുനികുതി ഒഴികെയുള്ളവയുടെ ഡി.സി.ബി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ 2015-16 വരെ നികുതി നിർണ്ണയം കഴിഞ്ഞ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി നടത്തുവാനവശേഷിക്കുന്നു. നികുതി നിർണ്ണയിക്കുമ്പോൾ തന്നെ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയതിലും അപാകതകളുണ്ട്. പഞ്ചായത്തിന്റെ പ്രധാനപ്പെട്ട തനത് വരുമാനമായ വസ്തുനികുതി പിരിവ് തൃപ്തികരമല്ല. വസ്തുനികുതിയുടെ കുടിശ്ശിക പിരിവ് കാര്യക്ഷമമല്ല. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ നിന്ന് പെർമിറ്റ് എടുക്കുന്ന എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി നികുതി പരിധിയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പാക്കുന്നില്ല. വിശദാംശങ്ങൾ ചേർത്ത് പെർമിറ്റ് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതാണ്. ഡി&ഒ ട്രേഡ് ലൈസൻസ് ഫീസ് കൃത്യമായ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല നൽകി വന്നിരുന്നത്. അതിനാൽ ഫീസ് ഇനത്തിലും തൊഴിൽ നികുതി ഇനത്തിലും പഞ്ചായത്തിന് വലിയ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്തിലെ എല്ലാ ബിസിനസ് സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പാക്കുന്നില്ല.

ചെലവുകൾ

ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ, സപ്ലൈ ഏരിയ, വാർഡുകളിലെ ബൾബുകൾ/റ്റ്യൂബ് ലൈറ്റുകൾ/ ഫ്ളൂറസെന്റ് ലാമ്പുകൾ/ സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ എണ്ണം, താരിഫ് നിരക്ക്, കറന്റ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിയ്ക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. കാഷ്ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ പൂർണ്ണമായി നടത്തിയിട്ടുണ്ട്.

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.

ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ മേൽസൂചിത അപാകതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (2-1) വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ പറയുന്ന ന്യൂനതകൾ ഉണ്ട്.

1. വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വസ്തു നികുതി ഡിമാന്റ്, നീക്കിബാക്കി തുകകൾ കൃത്യമല്ല.

2. ഷെഡ്യൂൾ ബി-4 - Centrally Sponsored Scheme (ICDS), Centrally Sponsored Schemes- Grants, Funds and Contributions for Specific Purposes എന്നീയിനങ്ങളുടെ നീക്കിബാക്കി കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

3. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച സചിത്ര സോഫ്റ്റ് വെയർ പഞ്ചായത്തിന്റെ വാർഷിക കണക്കുകളുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടില്ല. അതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ പൂർണ്ണമായും (കണക്കുകൾ തയ്യാറാക്കുന്നത് സാംഖ്യയിൽ ആരംഭിക്കുന്നതിന് മുമ്പ്, 2012ന് മുമ്പ് ആർജ്ജിച്ച ആസ്തികൾ) സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഷെഡ്യൂൾ ബി-11). സ്ഥിര ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.

4. ഷെഡ്യൂൾ ബി-17- Co-operative Bank (own fund), SBT (Western Ghat) എന്നീ അക്കൗണ്ടുകളിലെ നീക്കിബാക്കി തുക പൊരുത്തപ്പെടുത്തിയിട്ടില്ല.

## (2-2) വസ്തുനികുതി നിർണ്ണയം - അസസ്സ്മെന്റ് രജിസ്റ്ററും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

പഞ്ചായത്തിന്റെ വസ്തുനികുതി സംബന്ധിച്ച അസസ്സ്മെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും സഞ്ചയ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തലുകളും തമ്മിൽ സാരമായ വ്യത്യാസം കാണുന്നു. സഞ്ചയ സോഫ്റ്റ്വെയറിൽ ഡേറ്റാ എൻട്രി നടത്തുന്നതിലും അപാകം സംഭവിക്കുന്നുണ്ട്. റോഡുകളുടെ വിവരം, കെട്ടിടത്തിന്റെ ഉപയോഗക്രമം, വിസ്തീർണ്ണം എന്നിവയിലും കണക്കാക്കിയ നികുതിയിലും ഈ വ്യത്യാസത്തിന് സാധ്യതയുണ്ട്.

ഉദാ: 13/491, 502, 504 വരെയുള്ള കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുന്നില്ല.

ഇത്തരം അപാകതകൾ മൂലം പഞ്ചായത്തിന് വലിയ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. സമാനമായ അപാകതകൾ കണ്ടെത്തി പരിഹരിച്ച് പഞ്ചായത്തിന്റെ വരുമാനചോർച്ച പരിഹരിക്കുവാൻ അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

## (2-3) വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം വന്നത്-സംബന്ധിച്ച്

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത. സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/-രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് (20-12-2011 ലെ 2 നമ്പർ തീരുമാനം). എന്നാൽ വസ്തു

നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഏതാനും കെട്ടിടങ്ങളെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് ഉയർന്ന നികുതി നിരക്കിന് പകരം 100/-ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 40/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പരും കെട്ടിട നമ്പരും | ഉടമസ്ഥന്റെ പേര് വിവരം, നികുതി നിർണ്ണയിച്ച വർഷം | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീറ്ററിന് 40 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ(ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|---|
| 1 | 8/754 | കെ. എസ്. ജോസഫ് 2014-15 | 83.66 GF | = 4016 +201 LC +603 SC | 6024 +301 LC +904 SC (+20%റോഡ്) | 2008+ 100+ 301 |
| 2 | 8/755 | | 83.66 GF | = 4016 +201 LC +603 SC | 6024 +301 LC +904 SC (+20%റോഡ്) | 2008+ 100+ 301 |
| 3 | 8/756 | | 83.66 GF | = 4016 +201 LC +603 SC | 6024 +301 LC +904 SC (+20%റോഡ്) | 2008+ 100+ 301 |
| 4 | 8/757 | | 83.66 FF | 3816 +191 LC +573 SC | 5723 +286 LC +859 SC (+20%റോഡ് - 5% FF) | 1907 +95 +286 |
| 5 | 8/758 | | 83.66 FF | 3816 +191 LC +573 SC | 5723 +286 LC +859 SC (+20%റോഡ് - 5% FF) | 1907 +95 +286 |
| 6 | 8/759 | | 83.66 FF | 3816 +191 LC +573 SC | 5723 +286 LC +859 SC (+20%റോഡ് - 5% FF) | 1907 +95 +286 |
| 7 | 1/520 | ജോസഫ് തോമസ് 2015-16 | GF 53 | 2544 +128 LC +382 SC | 3816 +191 LC +573 SC (+20%റോഡ്) | 1272+ 63+ 191 |
| 8 | 1/521 | | GF 13 | 624 +32 LC +94 SC | 936 +47 LC +141 SC (+20%റോഡ്) | 312 +15 +47 |
| 9 | 1/522 | | GF 23 | 1104 +56 LC +166 SC | 1656 +83 LC +249 SC | 552 +27 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | (+20%റോഡ്) | +83 |
| 10 | 1/523 | | GF 36 | 1728 +87 LC +260 SC | 2592 +130 LC +390 SC (+20%റോഡ്) | 864 +43 +130 |
| 11 | 1/524 | | GF 9 | 432 +22 LC +65 SC | 648 +32 LC +98 SC (+20%റോഡ്) | 216 +10 +33 |
| 12 | 1/525 | | FF 53 | 2417 +121 LC +363 SC | 3625 +181 LC +544 SC (+20%റോഡ് - 5% FF) | 1208 +60 +181 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/14.11.16) മറുപടിയായി, മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. നികുതി പുനർനിർണ്ണയിച്ച് കുറവായ തുക കെട്ടിട ഉടമയിൽ നിന്ന് ഈടാക്കി വിവരം ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്ത് 2013-14 മുതൽ നികുതി നിർണ്ണയിച്ച സമാനമായ വാണിജ്യകെട്ടിടങ്ങളുടെയും, കൂട്ടിച്ചേർക്കൽ മൂലം 100 ച.മീ. കൂടുതൽ വിസ്തീർണ്ണമാകുന്ന കെട്ടിടങ്ങളുടെയും നികുതി മേൽ സൂചിപ്പിച്ച പ്രകാരം പുനർനിർണ്ണയിക്കേണ്ടതാണ്.

## (2-4) മൊബൈൽ ടവറുകൾ ഉപയോഗപ്പെടുത്തുന്ന മുഴുവൻ ഭാഗത്തേയും നികുതി ചുമത്തുന്നില്ല

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ചുമത്തുമ്പോൾ പെർമിറ്റ് എടുത്ത മുഴുവൻ ഭാഗത്തിനും സ.ഉ (അ)19/2011/തസ്വഭവ/തീ.14/01/2011 പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്ത നിരക്കിൽ നികുതി ചുമത്തുന്നില്ല . ബാറ്ററി മുറി, അനുബന്ധമുറി എന്നിവ മാത്രമാണ് നികുതി ചുമത്തപ്പെടുന്നത്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം-2(m), സ.ഉ. (സാധാ)നം.707/14 /തസ്വഭവ തീ.7/3/14 എന്നിവ പ്രകാരം കെട്ടിടം എന്നാൽ ഏതെങ്കിലും ഉദ്ദേശത്തിന് ഏതെങ്കിലും വസ്തുക്കൾക്കൊണ്ട് നിർമ്മിച്ച ഏതൊരുപണിപ്പാടും എന്നർത്ഥമാകുന്നു. (the term *building* means "any structure for whatever purpose and of whatever material"). ഇതനുസരിച്ച് മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തെയും (ടവറിന്റെ പോൾസ്ട്രക്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം)നികുതി ചുമത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് (നം.1/14.11.16) മറുപടിയായും സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാക്കിയ പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ വിവരം | വിസ്തീർണ്ണം (ച.മീ.) | നിശ്ചയിച്ച നികുതി (സഞ്ചയയിൽ) |
|---|---|---|---|---|
| 1 | 7/452 | ഇൻഡസ് ടവർസ് | 43.95 | 24173+1209+3626 |
| 2 | 4/463 | റിലയൻസ് | 77.56 | 38780+1939+5817 |
| 3 | 11/566 | റിലയൻസ് | 30.5 | 16775+839+2517 |

| | | | | |
|---|---|---|---|---|
| 4 | 11/154 | ഐഡിയ മൊബൈൽ | 50 | 30000+1500+4500 |
| 5 | 7/534 | ഇൻഡസ് ടവർസ് | 74.39 | 44634+2239+6696 |
| 6 | 3/249 | ബി.എസ്.എൻ.എൽ. | 21.8 | 11990+600+1799 |
| 7 | 6/469 | ഐഡിയ മൊബൈൽ | 70.31 | 38671+1934+5801 |
| 8 | 8/290 | ഭാരതി എയർടെൽ | 39.7 | 23820+1191+3573 |
| 9 | 9/530/ | വോഡാഫോൺ | 59.56 | 32578+1638+4914 |

മേൽ ചേർത്തിരിക്കുന്നതിൽ ക്രമ നം. 3, 6, 8 എന്നീ ടവറുകൾക്ക് മറ്റുള്ളവയേക്കാൾ വളരെ സ്ഥലം കുറവാണ് നികുതി ചുമത്തിയതായി കാണുന്നത്. ഇത് മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തെയും (ടവറിന്റെ പോൾസ്ട്രക്ച്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം) നികുതി ചുമത്താത്തതിനാലാണ് എന്ന് വ്യക്തമാണ്. കുറഞ്ഞ സ്ഥലം നികുതി ചുമത്തിയതായി രേഖപ്പെടുത്തിയവ കെട്ടിടങ്ങൾക്ക് മുകളിലുള്ളവയാണെങ്കിൽ ടവർ ഓപ്പറേറ്റർമാർ ലീസിനെടുത്തിട്ടുള്ള മുഴുവൻ ഭാഗത്തിന്റെയും വിസ്തീർണ്ണത്തിനും നികുതി ചുമത്തേണ്ടതാണ്. ആയതിനാൽ മേൽ സൂചിപ്പിച്ച മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തിനും (ടവറിന്റെ പോൾസ്ട്രക്ച്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം ഉൾപ്പെടെ)നികുതി ചുമത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## (2-5) തൊഴിൽ നികുതി - നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു

തനത് വരുമാനം താരതമ്യേന വളരെ കുറവുള്ള പഞ്ചായത്തിലെ മുഖ്യ വരുമാനങ്ങളിലൊന്നാണ് തൊഴിൽ നികുതി. ആയത് ഈടാക്കുന്നതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 205(ബി) മുതൽ 205 (എഫ്) വരെ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, 13 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ആയതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിച്ച് എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (2-6) എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരുടെ എണ്ണം അപേക്ഷകളിൽ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട് എന്ന് പഞ്ചായത്ത് ഉറപ്പാക്കുന്നില്ല. അപേക്ഷകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികളും സ്വീകരിക്കുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ലൈസ.രജി. ക്രമ നം. | കെട്ടിട നം | സ്ഥാപനത്തിന്റെ വിവരം | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ |
|---|---|---|---|

| | | | |
|---|---|---|---|
| | | | ജീവനക്കാരുടെ എണ്ണം |
| 3 | 2/330 | ടോമി ഏബ്രഹാം,<br>മണിമലേത്ത് ക്രഷർ യൂണിറ്റ് | 6 |
| 2 | 13/504 | ഷൈനി തോമസ്,<br>മണിമലേത്ത് ഹോളോ ബ്രിക്സ് യൂണിറ്റ് | 4 |
| 8 | 2/504 | എം.എം. മാത്യു, തടി ഫർണീച്ചർ നിർമ്മാണ യൂണിറ്റ് | 2 |
| 9 | 13/476 | എം.എം. മാത്യു,<br>ഫർണീച്ചർ വിൽപ്പന | -- |
| 23 | 8/673 | അബ്ദുൾ അസീസ്,<br>ഹാർഡ് വെയർ വ്യാപാരം | -- |
| 24 | 13/490 | ഈപ്പൻ ടി. തോമസ്,<br>തടി മിൽ | 2 |
| 25 | 13/278, 279 | ഈപ്പൻ ടി. തോമസ്,<br>ഫർണീച്ചർ നിർമ്മാണം | 2 |
| 33 | 2/302 | എം. ജോസഫ്,<br>ഹാർഡ് വെയർ വ്യാപാരം | 2 |
| 92 | 6/ 6 | ബിബിൻ സ്കറിയ,<br>ഹാർഡ് വെയർ വ്യാപാരം | -- |
| 96 | 1/273 | ജോസി പി. ചാക്കോ,<br>ബിൽഡിംഗ് മെറ്റീരിയൽസ്, സാനിട്ടറി & ഇലക്ട്രിക്കൽസ് | 1 |
| 97 | 6/577 | റ്റോമിച്ചൻ കെ.ജെ. ഫർണീച്ചർ നിർമ്മാണം വിൽപ്പന | 2 |
| 107 | 1/520 - 525 | രശ്മി ആർ. ശേഖർ, | 4 |

| | | | |
|---|---|---|---|
| | | സൂപ്പർ മാർക്കറ്റ് | |
| 114 | 2/467 - 469 | അരുൺ തോമസ്, തടി, സ്റ്റീൽ, പ്ളാസ്റ്റിക്ക് ഫർണീച്ചർ ശേഖരണവും വിൽപ്പനയും | 1 |

മേൽ സൂചിത ലിസ്റ്റിൽ നിന്നും ടി സ്ഥാപനങ്ങളുടെ പ്രാധാന്യമനുസരിച്ച് അപേക്ഷയിൽ ചേർത്തിരിക്കുന്ന ജീവനക്കാരുടെ എണ്ണം താരതമ്യേന കുറവാണ് എന്ന് വ്യക്തമാണ്. ഒരു സ്ഥാപനത്തിലെ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ വിവരം സംബന്ധിച്ച രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കാൻ പഞ്ചായത്തിന് ആവശ്യപ്പെടാവുന്നതാണെന്ന് നിയമത്തിലും ചട്ടങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള എല്ലാസ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ കൃത്യമായ വിവരം ശേഖരിച്ച് നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേ.പ.രാ.(നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 5 ലെ മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## (2-7) സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത്

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് അവയ്ക്ക് നേരെ ചേർത്തിരിക്കുന്ന അർദ്ധ വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കാതിരുന്ന അർദ്ധവർഷം |
|---|---|---|
| 1 | ലിറ്റിൽ ഏഞ്ചൽസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, വെച്ചൂച്ചിറ | 1ഉം 2 ഉം |
| 2 | വെൺകുറിഞ്ഞി സർവ്വീസ് സഹ. ബാങ്ക്, ഹെഡ് ഓഫീസ് | 1ഉം 2 ഉം |
| 3 | വെൺകുറിഞ്ഞി സർവ്വീസ് സഹ. ബാങ്ക്, ചാത്തൻതറ ബ്രാഞ്ച് | 1ഉം 2 ഉം |
| 4 | വെൺകുറിഞ്ഞി സർവ്വീസ് സഹ. ബാങ്ക്, വെച്ചൂച്ചിറ ബ്രാഞ്ച് | 1ഉം 2 ഉം |
| 5 | മാവേലി സ്റ്റോർ, വെച്ചൂച്ചിറ | 1ഉം 2 ഉം |
| 6 | ഇടിമണ്ണിക്കൽ ഇൻവെസ്റ്റമെന്റ്സ്, വലിയമണ്ണിൽ ബിൽഡിംഗ്, വെച്ചൂച്ചിറ | 1ഉം 2 ഉം |
| 7 | നാട്ടുകാണിയിൽ ഫിനാൻസിയേഴ്സ്, നാട്ടുകാണിയിൽ ബിൽഡിംഗ്, കുന്നം, വെച്ചൂച്ചിറ | 1ഉം 2 ഉം |
| 8 | പുത്തൻപാറ ബാങ്കേഴ്സ്, വെൺകുറിഞ്ഞി, മുക്കൂട്ടുതറ, വെച്ചൂച്ചിറ | 1ഉം 2 ഉം |
| 9 | യുണൈറ്റഡ് ഫിനാൻസിയേഴ്സ്, അഴക്കണംകുഴിയിൽ ബിൽഡിംഗ്, | 1ഉം 2 ഉം |

| | | |
|---|---|---|
| | വെച്ചൂച്ചിറ | |
| 10 | വെച്ചൂച്ചിറ മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നം. പി.ടി.88(ഡി) ആപ്കോസ്, വെച്ചൂച്ചിറ | 1ഉം 2 ഉം |
| 11 | വെൺകുറിഞ്ഞി ക്ഷീരോത്പാദക സഹകരണസംഘം നം. പി. ടി.145(ഡി) ആപ്കോസ്, വെൺകുറിഞ്ഞി | 1ഉം 2 ഉം |
| 12 | കൊല്ലമുള ക്ഷീരോത്പാദക സഹകരണസംഘം നം. പി.ടി.93 (ഡി) ആപ്കോസ്, കൊല്ലമുള, മുക്കൂട്ടുതറ | 1ഉം 2 ഉം |
| 13 | വാകമുക്ക് ക്ഷീരോത്പാദക സഹകരണസംഘം നം. പി.ടി. 150(ഡി) ആപ്കോസ്, വെച്ചൂച്ചിറ | 1ഉം 2 ഉം |
| 14 | ചാത്തൻതറ മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നം. പി.ടി.94(ഡി) ആപ്കോസ്, ചാത്തൻതറ | 1ഉം 2 ഉം |

(ക്രമ നം. 6 മുതൽ 9 വരെയുള്ള സ്ഥാപനങ്ങളുടെ വിവരം www.keralataxes.gov.in/kmldealers, www.keralataxes.gov.in/KML_DEALER_LIST എന്നീ വെബ്സൈറ്റുകളിൽ നിന്നുള്ള പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലൈസൻസ്ഡ് മണി ലെൻഡേഴ്സിന്റെ വിവരങ്ങളിൽ നിന്ന് ലഭിച്ചതാണ്)

മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## (2-8) ഡി&ഒ ലൈസൻസ് - എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല, ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല

ഡി & ഒ ലൈസൻസ് ഫീസ് പിരിവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും സ്ഥാപനങ്ങളുടെ എണ്ണത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് കുറവ് ഉണ്ടായിട്ടുണ്ട്. സ്ഥാപനങ്ങളുടെ എണ്ണം 163 ൽ നിന്നും 147 ആയി കുറയുകയും വരവ് തുക 53700 ൽ നിന്നും 56490 ആയി വർദ്ധിക്കുകയും ചെയ്തു. 2013-14 ൽ 177 എണ്ണമുണ്ടായിരുന്നതാണ് 15-16ൽ 147 ആയി കുറഞ്ഞിരിക്കുന്നത്.

തൻ വർഷം ലൈസൻസ് എടുത്ത 147 സ്ഥാപനങ്ങൾ എല്ലാം ചട്ടപ്രകാരമുള്ള സമയത്തിനു ശേഷമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 31.03.15 ന് മുമ്പായി ഒരു സ്ഥാപനവും ലൈസൻസ് എടുത്തിട്ടില്ല. ഇതിൽ നിന്നും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഭൂരിപക്ഷം സ്ഥാപനങ്ങളും 01.04.2015 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ എല്ലാ സ്ഥാപനങ്ങളും തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.

## (2-9) കൃത്യമായ വരുമാനത്തിന്റെയടിസ്ഥാനത്തിൽ ഡി & ഒ

## ലൈസൻസ് ഫീസ് ഈടാക്കാത്തത്

പഞ്ചായത്തിലെ പല വൻകിട സ്ഥാപനങ്ങളുടെയും ലൈസൻസ് അപേക്ഷകളിൽ വിറ്റുവരവ് സംബന്ധിച്ച വിവരം ചേർത്തിട്ടില്ല. കൂടാതെ ചില സ്ഥാപനങ്ങൾ വിറ്റുവരവ് കുറവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു ദിവസത്തെ വിറ്റുവരവിന്റെ കൃത്യത പരിശോധിക്കാതെ കുറഞ്ഞ നിരക്കിലുള്ള ഫീസ് ചുമത്തിയതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. ഇവരിൽ നിന്ന് ഈടാക്കിയ തൊഴിൽ നികുതിക്ക് ആനുപാതികമായ ലൈസൻസ് ഫീസ് പോലും ഈടാക്കിയിട്ടില്ലെന്നുള്ളത് വ്യക്തമാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസ. രജി. ക്രമ നം. | കെട്ടിട നം | സ്ഥാപനത്തിന്റെ വിവരം | രേഖപ്പെടുത്തിയ വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|---|
| 2 | 13/504 | ഷൈനി തോമസ്, മണിമലേത്ത് ഹോളോ ബ്രിക്സ് യൂണിറ്റ് | 500 | 2000 | 1000 |
| 8 | 2/504 | എം.എം. മാത്യു, തടി ഫർണീച്ചർ നിർമ്മാണ യൂണിറ്റ് | 300 | 2500 | 500 |
| 9 | 13/476 | എം.എം. മാത്യു, ഫർണീച്ചർ വിൽപ്പന | 2000 | 2500 | 500 |
| 23 | 8/673 | അബ്ദുൾ അസീസ്, ഹാർഡ് വെയർ വ്യാപാരം | 1000 | 1200 | 300 |
| 24 | 13/490 | ഈപ്പൻ ടി. തോമസ്, തടി മിൽ | 4000 | 2500 | 3000 |
| 25 | 13/278, 279 | ഈപ്പൻ ടി. തോമസ്, ഫർണീച്ചർ നിർമ്മാണം | 1000 | 2500 | 2000 |
| 33 | 2/302 | എം. ജോസഫ്, ഹാർഡ് വെയർ വ്യാപാരം | 3000 | 1500 | 1000 |

| | | | | | |
|---|---|---|---|---|---|
| 92 | 6/ 6 | ബിബിൻ സ്റ്റോറിയ,<br>ഹാർഡ് വെയർ വ്യാപാരം | 450 | 900 | 300 |
| 96 | 1/273 | ജോസി പി. ചാക്കോ,<br>ബിൽഡിംഗ് മെറ്റീരിയൽസ്, സാനിട്ടറി & ഇലക്ട്രിക്കൽസ് | 750 | 2500 | 500 |
| 97 | 6/577 | റ്റോമിച്ചൻ കെ.ജെ.<br>ഫർണീച്ചർ നിർമ്മാണം വിൽപ്പന | 1000 | 2500 | 500 |
| 107 | 1/520 - 525 | രശ്മി ആർ. ശേഖർ,<br>സൂപ്പർ മാർക്കറ്റ് | 400 | 2500 | 500 |
| 108 | 2/467 - 469 | അരുൺ തോമസ്,<br>തടി, സ്റ്റീൽ, പ്ളാസ്റ്റിക്ക് ഫർണീച്ചർ ശേഖരണവും വിൽപ്പനയും | 450 | 1250 (രണ്ടാം പകുതി മാത്രം) | 300 |

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7 ൽ ഏതൊരു ലൈസൻസിനും II ാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. പട്ടിക II ൽ ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചുമത്താവുന്ന ഫീസ് പറഞ്ഞിട്ടുണ്ട്. ഇതു പ്രകാരം ഒരു വർഷം 4000 രൂപ വരെ ഇവരിൽ നിന്നും ഈടാക്കാമെന്നിരിക്കെ കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കിയതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ഡി&ഒ ലൈസൻസിനുള്ള അപേക്ഷകളിൽ പൂർണമായ വിവരങ്ങൾ ചേർത്തിട്ടുണ്ടോ എന്ന് അപേക്ഷകൾ പരിശോധിച്ച് ഉറപ്പു വരുത്താത്തതിനാലാണ് ഇത് സംഭവിച്ചിട്ടുള്ളത്. ലൈസൻസ് അപേക്ഷകളിലെ വിവരങ്ങളുടെ കൃത്യത പരിശോധിച്ച് ലൈസൻസ് ഫീസിനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നില്ല എന്ന് ബന്ധപ്പെട്ട സെക്ഷനും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## (2-10) പരസ്യ നികുതി പിരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209, ഉപവകുപ്പുകൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും ഇതിനുള്ള അവകാശം

ലേലം ചെയ്ത നൽകാവുന്നതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ രൂപീകരിച്ച് കമ്മറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന് അംഗീകാരം വാങ്ങി പരസ്യ നികുതി പിരിച്ച് തനതു വരുമാനത്തിലേക്ക മുതൽ കൂട്ടുന്നതിന നടപടി സ്വീകരിച്ചിട്ടില്ല. വെച്ചൂച്ചിറ-എരുമേലി, വെച്ചൂച്ചിറ-റാന്നി, വെച്ചൂച്ചിറ-അത്തിക്കയം റോഡുകളുടെ വശങ്ങളിലായി ധാരാളം പരസ്യബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വെച്ചൂച്ചിറ, മുക്കൂട്ടുതറ എന്നിവിടങ്ങളിലും പഞ്ചായത്തിലെ വിവിധ റോഡരികിലും പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ബോർഡുകളിൽ നിന്നും നല്ലൊരു വരുമാനം ലഭിക്കുവാനുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നില്ല.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 21.02.2013 ലെ WP(C) നമ്പർ 27011/2012 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ 25.10.2013 ൽ പുറപ്പെടുവിച്ച എൽ.എസ് .ജി (ആർ.സി) വകുപ്പിന്റെ 71806/RC2 /2012/LSGD നമ്പർ സർക്കുലർ പ്രകാരം ഗതാഗത തടസ്സമുണ്ടാക്കുന്ന രീതിയിൽ റോഡുകൾ , റോഡരികുകൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ, ഹോർഡിംഗുകൾ, കമാനങ്ങൾ എന്നിവ നീക്കം ചെയ്യണമെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. സുഗമമായ ഗതാഗതത്തിനു വിഘ്നം സൃഷ്ടിക്കുന്ന തരത്തിൽ വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും കാഴ്ച തടസ്സപ്പെടുത്തിക്കൊണ്ടും അപകടകാരണമായേക്കാവുന്ന രീതീയിലും ട്രാഫിക് ഐലന്റ്, മീഡിയൻ,ഫുട് പാത്ത് തുടങ്ങി ഏതിടങ്ങളിലും സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ സ്വമേധയാ ഗ്രാമ പഞ്ചായത്തിനു നീക്കം ചെയ്യാവുന്നതാണെന്നു സർക്കുലർ നിർദ്ദേശിക്കുന്നു. നിയതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബൈലോ ഉപയോഗിച്ചുള്ള പരസ്യ നികുതി പിരിവിലൂടെ പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതും ഹൈക്കോടതിയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിച്ച് സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കിക്കൊണ്ട് അനധികൃത പരസ്യങ്ങൾ ഒഴിവാക്കാവുന്നതുമാണ്.

## (2-11) റീഫണ്ട് ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 56 (ബി )പ്രകാരം ഡെപ്പോസിറ്റ് ഇനത്തിലും, ഇ.എം.ഡി ഇനത്തിലും പഞ്ചായത്ത് ഫണ്ടിൽ വരവ് വന്ന തുകകൾ മൂന്ന് വർഷത്തിലധികമായി റീഫണ്ട് ചെയ്യാതെ വരുമ്പോൾ അവ പഞ്ചായത്ത് കമ്മിറ്റി അംഗീകാരത്തോടെ തനത് ഫണ്ട് അക്കൗണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.വർഷങ്ങളായി റീഫണ്ട് ചെയ്യാത്ത തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഡെപ്പോസിറ്റുകളുടെ എണ്ണം | റീഫണ്ട് ചെയ്യാത്ത തുക |
|---|---|---|
| 2006-07 | 6 | 8250 |
| 2007-08 | 22 | 76750 |
| 2008-09 | 10 | 5000 |
| 2010-11 | 17 | 8000 |
| 2011-12 | 21 | 43000 |
| 2012-13 | 31 | 25825 |
| ആകെ | | 166825 |

പ്രസ്തുത തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി

തീരുമാനമെടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (3-1) പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും അഡ്വാൻസ് ആയി നൽകിയ 1.25 ലക്ഷം രൂപ HMC അക്കൗണ്ടിൽ നിക്ഷേപിച്ചില്ല.

| | |
|---|---|
| പ്രൊജക്ട് നം/പേര് | 66/15-16പാലിയേറ്റീവ് കെയർ യൂണിറ്റ് |
| ഫണ്ടിനം,അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്,480400/- |
| ചെലവ് തുക/ബിൽ നം/<br>തീയതി | 205150 (1/15-16;27.01.2016)<br>269268 (2/15-16;31.03.2016) |
| ആകെ ചെലവ് തുക | 474418/- |
| അഡ്വാൻസ് തുക | 125800/-(Cheque No.6544711/13.08.15) |

പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി വെച്ചൂച്ചിറ, CHC യ്ക്ക് സ്വന്തമായി ആംബുലൻസും ദിവസ വേതന അടിസ്ഥാനത്തിൽ ഡ്രൈവറേയും നിയമിച്ചിട്ടുണ്ട്. ആംബുലൻസ് ഡ്രൈവറുടെ വേതനവും പെട്രോൾ ചാർജും HMCയുടെ (Hospital Management Committee) അക്കൗണ്ടിലൂടെയാണ് നൽകുന്നത്. ഇതിനായി ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും അഡ്വാൻസ് ആയി 1.25 ലക്ഷം രൂപ നൽകിയിരുന്നു. എന്നാൽ ഈ തുക HMCയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ല. പകരം 20.08.15 ൽ 48000/- രൂപ മാത്രമാണ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്. ബാക്കി 77000/- രൂപ കൈവശം വച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ചെലവഴിക്കുകയായിരുന്നു. ഇത് താൽക്കാലിക ധനാപഹരണം ആണ്. (ധനവിനിയോഗ ഉത്തരവ് ജി.ഓ.(പി)177/06ധന. തീയതി 12.4.06). ഇതിൽ 1/4/15 മുതൽ 31/10/15 വരെയുള്ള പാലിയേറ്റീവ് കെയർ ടീമംഗങ്ങളുടെ 21000/- രൂപയുടെ ഭക്ഷണത്തിന്റെ ചെലവുകളുടെ വൗച്ചറുകൾ ലഭ്യമാക്കിയിട്ടുണ്ട് (84 Days*250/-). എന്നാൽ കൈവശം വച്ച 56000/- രൂപയ്ക്ക് യാതൊരു ചെലവു രേഖകളും ഇല്ല. വിശദീകരണങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.06/2016 തീയതി 09.11.16, നം.08/2016 തീയതി 10.11.16,) നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ യാതൊരു മറുപടിയും നൽകിയിട്ടില്ല. ഇക്കാരണങ്ങളാൽ 56000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക അടിയന്തിരമായി നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്. HMC, പാലിയേറ്റീവ് കെയർ കണക്കുകളിൽ വകുപ്പുതല അന്വേഷണത്തിനു ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

ബിൽ നം:1/15-16;27.01.2016 പ്രകാരം ട്രഷറിയിൽ നിന്നു 205150/- രൂപ മാറുകയും ഗ്രാമ പഞ്ചായത്തിൽ നിന്നു അഡ്വാൻസായി ലഭിച്ച 125800/- രൂപ പഞ്ചായത്തിൽ തിരികെ നൽകുകയും ചെയ്തിട്ടുണ്ട്.

## (3-2) 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയതു

## മൂലം ഗ്രാമപഞ്ചായത്തിന് 300616/- രൂപയുടെ നഷ്ടം സംഭവിച്ചു

2015-16 ൽ വെച്ചൂച്ചിറ ഗ്രാമ പഞ്ചായത്തിൽ Public Works(H) Department ന്റെ 17.04.2013 ലെ G.O(P) No.36/2013/PWD ഉത്തരവു പ്രകാരം CPWD Data (Central Public Works Department, Delhi Schedule Rate) പ്രാബല്യത്തിലാക്കിയിരുന്നു. ഇതു പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കൺവീനർമ്മാർക്ക് ഫൈനൽ ബിൽ തുക നൽകുകയും ചെയ്തിട്ടുള്ളത്. CPWD,Analysis of rates-2014,Volume-1 പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code:4.1.3) Base rate എന്നത് 4753.29/- രൂപയാണ്.PWD,ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 01.04.2014 മുതൽ ബാധകമായ Cost Index 40.95% ആണ്.ഇതു പ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.66/m3 ആണ്. (4753.29x1.4095=6699.76). എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിനു പകരം തറ നിരപ്പാക്കലിനു (Flooring,DSR Code:11.7) നൽകേണ്ട നിരക്കാണ് നൽകിയിരിക്കുന്നത്.അതായത് എം ക്യൂബിന് 7058.80 രൂപ നിരക്കിലാണ് ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയിരിക്കുന്നത് ഇത് അംഗീകരിക്കാനാവില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

For 1:2:4 Concreting (DSR Code:4.1.3) Details of cost for 1 cum

| 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 0295 | Stone aggregate (Single size)-20mm nominal size | Cum | 0.670 | 1175 | 787.25 |
| 0297 | Stone aggregate (Single size)-10mm nominal size | Cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone aggregate below 40mm nominal size | Cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand(Zone III) | Cum | 0.445 | 1200 | 534 |
| 2203 | Carriage of Coarse sand | Cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement(0.2225 cum) | Tonne | 0.320 | 6300 | 2016 |

| | | | | | |
|---|---|---|---|---|---|
| 2209 | Carriage of Cement | Tonne | 0.320 | 94.65 | 30.29 |
| Labour | | | | | |
| 0155 | Mason(Average) | Day | 0.100 | 417 | 41.70 |
| 0114 | Beldar | Day | 1.630 | 329 | 536.27 |
| 0101 | Bhisti | Day | 0.700 | 363 | 254.10 |
| 0002 | Hire Charge of concrete mixer 0.25 to 0.40 cum with Hopper | Day | 0.070 | 800 | 56.00 |
| 0012 | Vibrator(needle type 40mm) | Day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.30 | 1.78 | 25.45 |
| | | | | Total | 4706.23 |
| Add water charge 1% | | | | | 47.06 |
| Sub Total | | | | | 4753.29 |
| Cost Index for Pathanamthitta,40.95% | | | | | 1946.47 |
| Total | | | | | 6699.76 |

For Flooring:(DSR Code:11.7)

Details of cost for one m3

| Cement Concrete pavement with 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) including finishing complete | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 4.1.3 | Rate as per item 4.1.3 of DSR , concrete work | M3 | 1 | 4753.29/m3 | 4753.29 |
| Labour:Extra labour for laying in floors etc | | | | | |
| 0124 | Mason (brick layer)2nd class | Day | 0.350 | 399.00 | 139.65 |
| 0114 | Bheldar | day | 0.180 | 329.00 | 59.22 |

| | | | | | |
|---|---|---|---|---|---|
| 0101 | Bhisti | day | 0.050 | 363.00 | 18.15 |
| 9999 | Sundries | LS | 19.760 | 1.78 | 35.17 |
| Sub Total | | | | | 5005.48 |
| Add 1% water charge except for 4.1.3 (252.19x1%) | | | | | 2.52 |
| Total | | | | | 5008 |
| Cost Index for Pathanamthitta, 40.95% | | | | | 2050.78 |
| Total | | | | | 7058.78 |

ഇത്തരത്തിൽ അധിക നിരക്ക് നൽകിയത് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും Technical Sanction നൽകിയ Ranni Block Division, Assistant Executive Engineer ടേയും ഭാഗത്തു നിന്നുണ്ടായ പിഴവാണ്.

ഇത്തരത്തിൽ അധിക നിരക്ക് നൽകിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം/പേര് | എം. ബുക്ക് നം | തുക/ DDനം/ തീയതി | 1:2:4 കോൺക്രീറ്റിന്റെ അളവ്, നൽകിയ തുക. (@ 7058.78/m3) | 1:2:4 കോൺക്രീറ്റിനു നൽകേണ്ട തുക. (@ 6699.76/m3) | നഷ്ടം |
|---|---|---|---|---|---|---|
| 1 | 117/15-16,NSS ഗേറ്റ്-പ്ളാവേലി നിരവ് റോഡ് കോൺക്രീറ്റിംഗ്. | 16/15-16 | 202054/- 469937;18.02.16 | 32.67m3, 230610 | 218881 | 11729 |
| 2 | 40/15-16,സന്തോഷ് കവല-ഉരുത്തേൽപ്പടി നടപ്പാത റോഡ് കോൺക്രീറ്റിംഗ്. | 51/15-16 | 70571/-, 520060/ 04.04.16 | 4.023m3, 28397 | 26953 | 1444 |
| 3 | 123/15-16,കുളമാങ്കുഴി- | 32/15-16 | 72771/-, | 19.80m3, | 132655 | 7109 |

| | | | | | | |
|---|---|---|---|---|---|---|
| | വെൺകുറിഞ്ഞി റോഡ് കോൺക്രീറ്റിംഗ്. | | (520064/ 04.4.16), 204538/- (520062/ 04.4.16) | 139764 | | |
| 4 | 115/15-16,നൂറേക്കാട്-വാറ്റുകുന്ന് റോഡ് കോൺക്രീറ്റിംഗ്. | 11/15-16 | 457559/- 469938/ 18.02.16 | 32.67m3, 230610 | 218881 | 11729 |
| 5 | 49/15-16,മണ്ണടിശ്ശാല-പരുവ റോഡ് കോൺക്രീറ്റിംഗ്. | 20/15-16 | 495641/- Bill No. 27/15-16 17.02.16 | 31.20m3, 220234 | 209033 | 11201 |
| 6 | 125/15-16,കൊല്ലമുള-പത്താംകോളനി റോഡ് കോൺക്രീറ്റിംഗ്. | 10/15-16 | 452554/- 520072/ 05.04.16 | 32.30m3, 227999 | 216402 | 11597 |
| 7 | 131/15-16,സന്തോഷ്കവല-പലകക്കാവ് റോഡ് കോൺക്രീറ്റിംഗ്. | 21/15-16 | 323061 517529/ 04.03.16 | 23.07m3, 162846 | 154563 | 8283 |
| 8 | 46/15-16,ചാത്തൻതറ-മനയത്തുമാലിപ്പടി റോഡ് കോൺക്രീറ്റിംഗ്. | 27/15-16 | 92135 517530/ 04.03.16 | 5.25m3, 37059 | 35174 | 1885 |
| 9 | 84/15-16,കുംഭിത്തോട് -SC കോളനി റോഡ് കോൺക്രീറ്റിംഗ്. | 31/15-16 | 369738 517526/ 04.03.16 | 26.40m3, 186352 | 176874 | 9478 |
| 10 | 38/15-16,മാറിടംകവല-തുങ്കുഴിപ്പടി റോഡ് കോൺക്രീറ്റിംഗ്. | 1/15-16 | 230794 469371/ 28.01.16 | 16.48m3, 116329 | 110412 | 5917 |

| | | | | | | |
|---|---|---|---|---|---|---|
| 11 | 130/15-16, കുറുമ്പൻമുഴി LPSപടി-തൈപ്പറമ്പിൽ പ്പടിറോഡ്കോൺക്രീറ്റിംഗ് | 3/15-16 | 184372<br>668907/ 04.02.16 | 13.20m3,<br>93176 | 88437 | 4739 |
| 12 | 58/15-16,ക്ലത്താട്ടുകളം-പോലീസ് സ്റ്റേഷൻപടി റോഡ് കോൺക്രീറ്റിംഗ്. | 8/15-16 | 373572<br>106124/ 27.01.16 | 26.42m3,<br>186493 | 177008 | 9485 |
| 13 | 127/15-16,MGM-നകപ്പടി റോഡ് കോൺക്രീറ്റിംഗ്. | 9/15-16 | 233714<br>520056/ 04.04.16 | 19.30m3,<br>136233 | 129305 | 6928 |
| 14 | 44/15-16,ചാത്തൻതറ-മോനായിപ്പടി റോഡ് കോൺക്രീറ്റിംഗ്. | 6/15-16 | 119678<br>469372/ 28.01.16 | 8.54m3,<br>60282 | 57216 | 3066 |
| 15 | 126/15-16,റാപ്പഴപ്പടി-ചെത്തിയിൽപ്പടി റോഡ് കോൺക്രീറ്റിംഗ്. | 5/15-16 | 157163<br>469300/ 28.01.16 | 8.96m3,<br>63247 | 60030 | 3217 |
| 16 | 47/15-16,ചാത്തൻതറ-പത്മിനിപ്പടി റോഡ് കോൺക്രീറ്റിംഗ്. | 28/15-16 | 230075<br>517528/ 04.03.16 | 16.43m3,<br>115976 | 110077 | 5899 |
| 17 | 52/15-16,<br>കൈതപ്പറമ്പിൽപ്പടി-പൊട്ടൻപ്ളാക്കൽപ്പടി റോഡ് കോൺക്രീറ്റിംഗ്. | 13/15-16 | 457448<br>517554/ 05.03.16 | 32.70m3,<br>230823 | 219082 | 11741 |
| 18 | 31/15-16,ചെട്ടിയോട്ടുപ്പടി-ഉറുമ്പിൽപ്പടി റോഡ് കോൺക്രീറ്റിംഗ്. | 12/15-16 | 277309<br>517532/ 04.03.16 | 19.80m3,<br>139764 | 132655 | 7109 |
| 19 | 50/15-16, | 29/15-16 | 452957/- | 32.40m3, | 217072 | 11632 |

| | | | | | | |
|---|---|---|---|---|---|---|
| | പുത്തൻപുരയ്ക്കൽപ്പടി-ശ്രീധരൻ തടത്തിൽപ്പടി റോഡ് കോൺക്രീറ്റിംഗ്. | | 517200/ 24.02.16 | 228704 | | |
| 20 | 55/15-16,കുംഭിത്തോട്-വിജിഎം റോഡ് കോൺക്രീറ്റിംഗ്. | 30/15-16 | 490000/- Bill No. 43/15-16 23.02.16 | 32.40m3, 228704 | 217072 | 11632 |
| 21 | 29/15-16,കുംഭിത്തോട്-അരയൻപാറ റോഡ് കോൺക്രീറ്റിംഗ്. | 17/15-16 | 452554 469939/ 18.02.16 | 32.30 227999 | 216402 | 11597 |
| 22 | 36/15-16, ഈരംപ്ളാക്കൽ-നിരവ് റോഡ് കോൺക്രീറ്റിംഗ്. | 18/15-16 | 323527 469933/ 18.02.16 | 23.62m3, 166728 | 158248 | 8480 |
| 23 | 43/15-16,ചാത്തൻതറ-പത്താംകോളനി റോഡ് കോൺക്രീറ്റിംഗ്. | 7/15-16 | 399230 Bill No. 30/15-16 17.02.16 | 26.35m3, 185999 | 176539 | 9460 |
| 24 | 30/15-16,കുന്നം അമ്പലംപടി-കൊല്ലയ്ക്കൽ റോഡ് കോൺക്രീറ്റിംഗ്. | 14/15-16 | 199881 Bill No. 34/15-16 17.02.16 | 10.53m3, 74329 | 70548 | 3781 |
| 25 | 45/15-16,കുരുമ്പൻമുഴി-സെന്റ്-തോമസ് പള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ്. | 4/15-16 | 456954 517194/ 24.02.16 | 32.63m3, 230329 | 218613 | 11716 |
| 26 | 136/15-16,വർക്കലമുക്ക്-വാറുചാൽ റോഡ് കോൺക്രീറ്റിംഗ്. | 24/15-16 | 184595 517203/ 24.02.16 | 12.75m3 @7297.16/m3, 93039 | 88307 (Cost index 45.71% ;6926.02) | 4732 |
| 27 | 60/15-16,അച്ചടിപ്പാറ-പൊട്ടനരുവി റോഡ് | 25/15-16 | 346636 517204/ | 24.75m3, 174705 | 165819 | 8886 |

| | | | | | | |
|---|---|---|---|---|---|---|
| | കോൺക്രീറ്റിംഗ്. | | 24.02.16 | | | |
| 28 | 54/15-16,വള്ളിക്കാവ്-വൈദ്യതിമുക്ക് റോഡ് കോൺക്രീറ്റിംഗ്. | 15/15-16 | 184885/-<br>(517198/ 24.2.16)<br>272562/-<br>(520061/ 04.4.16) | 32.70m3,<br>230822 | 219082 | 11740 |
| 29 | 28/15-16, കുന്നം അമ്പലം പടി-വിശ്വബ്രാഹ്മണ കോളേജ് റോഡ് കോൺക്രീറ്റിംഗ്. | 44/15-16 | 369762<br>520067/ 05.04.16 | 26.46m3,<br>186775 | 177276 | 9499 |
| 30 | 32/15-16,മാർത്തോമ പള്ളിപ്പടി-സിൻഡിക്കേറ്റ് റോഡ് കോൺക്രീറ്റിംഗ്. | 22/15-16 | 272971<br>520111/ 06.04.16 | 19.48m3,<br>137505 | 130511 | 6994 |
| 31 | 41/15-16,എഴുപത് ഏക്കർ -പത്താംകോളനി | 23/15-16 | 369213<br>520057/ 04.04.16 | 26.40m3,<br>186352 | 176874 | 9478 |
| 32 | 53/15-16,എക്സർവ്വീസ് മെൻ കോളനി-മണ്ണടിശ്ശാല റോഡ് കോൺക്രീറ്റിംഗ്. | 40/15-16 | 455879<br>520073/ 05.04.16 | 32.55m3,<br>229764 | 218077 | 11687 |
| 33 | 129/15-16,<br>വെൺമേലിൽപ്പടി-ശ്രീനിലയംപടി റോഡ് കോൺക്രീറ്റിംഗ്. | 48/15-16 | 184886<br>520065/ 05.04.16 | 10.55m3,<br>74470 | 70682 | 3788 |
| 34 | 42/15-16,സന്തോഷ് കവല -നിരണം കവല റോഡ് കോൺക്രീറ്റിംഗ്. | 36/15-16 | 299946<br>Bill No. | 19.80m3,<br>139764 | 132655 | 7109 |

| | | | | | | |
|---|---|---|---|---|---|---|
| 35 | 39/15-16, സന്തോഷ് കവല-ഇടകടത്തി റോഡ് കോൺക്രീറ്റിംഗ്. | 35/15-16 | 369798 520069/ 05.04.16 | 26.40m3, 186352 | 176874 | 9478 |
| 36 | 34/15-16,പ്ളാവേലി നിരവ് NSS എസ്റ്റേറ്റ് റോഡ് കോൺക്രീറ്റിംഗ്. | 39/15-16 | 453777 520068/ 05.04.16 | 32.40m3, 228704 | 217072 | 11632 |
| 37 | 128/15-16, തുരുത്തേൽപ്പടി-കിഴങ്ങുംകാലാപ്പടി റോഡ് കോൺക്രീറ്റിംഗ്. | 38/15-16 | 157169 520070/ 05.04.16 | 13.20m3, 93176 | 88437 | 4739 |
| | ആകെ | | | | 300616/- | |

അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടമായ 300616/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും Technical Sanction നൽകിയ Ranni Block Division ,Assistant Executive Engineer ടേയും പക്കൽ നിന്ന് ഈടാക്കി നിയമാനുസൃതം തിരികെ ഒടുക്കേണ്ടതാണ്. 300616/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## (3-3) തുങ്കുഴിപ്പടി-പലകക്കാവ് റോഡ് കോൺക്രീറ്റിംഗ് പദ്ധതിയുടെ ഫയൽ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രൊജക്ട് നം/പേര് | 37/15-16,തുങ്കുഴിപ്പടി-പലകക്കാവ് റോഡ് കോൺക്രീറ്റിംഗ് |
| ഫണ്ടിനം,അടങ്കൽ | തനതു ഫണ്ട്, 490000 |
| ചെലവ് തുക | 489498 |
| DD നം/തീയതി | 544739/31.03.16 |

2015-16 സാമ്പത്തിക വർഷത്തിൽ 4.89 ലക്ഷം രൂപ ചെലവഴിച്ച തുങ്കുഴിപ്പടി-പലകക്കാവ് റോഡ് കോൺക്രീറ്റിംഗ് പദ്ധതിയുടെ ഫയലും എം ബുക്കും ഓഡിറ്റിനു ഹാജരാക്കിയില്ല. ഫയൽ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു(നം 05/2016 തീയതി 09.11.2016) മറുപടിയായി ഗുണഭോക്തൃ സമിതി ചെയർമാന്റെ പരാതിയെ തുടർന്ന് ഫയൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ 14.10.2016 ൽ കൈമാറിയെന്ന വിവരം ലഭിച്ചിട്ടുണ്ട്. ഫയൽ ഓഡിറ്റിനു പരിശോധനയ്ക്കായി ഹാജരാക്കുന്നതു വരെ ചെലവു തുകയായ 489498/- രൂപ തടസ്സപ്പെടുത്തുന്നു.

1:2:4 റോഡ് കോൺക്രീറ്റിംഗിനു പകരം തറ നിരപ്പാക്കലിനു (Flooring,DSR Code:11.7) നൽകേണ്ട നിരക്ക് ഈ

പദ്ധതിയ്ക്ക് നൽകിയിട്ടുണ്ടെങ്കിൽ ഖണ്ഡിക 3-1 പ്രകാരം അധികം നൽകിയ തുക കണക്കാക്കേണ്ടതും തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## (3-4) കുത്താട്ടുകുളം SC സാംസ്കാരിക നിലയത്തിനു ഫർണ്ണിച്ചർ വാങ്ങിയതു ഉപയോഗിക്കുന്നില്ല

2015-16 സാമ്പത്തിക വർഷത്തിൽ 4.55 ലക്ഷം രൂപ ചെലവഴിച്ച് കുത്താട്ടുകുളം SC സാംസ്കാരിക നിലയത്തിനു ഫർണ്ണിച്ചർ വാങ്ങിയിരുന്നു.

| | |
|---|---|
| പ്രൊജക്ട് നം/പേര് | 80/15-16,കുത്താട്ടുകുളം SC സാംസ്കാരിക നിലയത്തിനു ഫർണ്ണിച്ചർ |
| ഫണ്ടിനം,അടങ്കൽ | വികസന ഫണ്ട്(SCP)-455000/- |
| ചെലവ് തുക/ബിൽ നം/<br>തീയതി | 362449 (1/15-16;22.09.2015)<br>92551 (3/15-16;23.02.2016) |
| ആകെ ചെലവ് തുക | 455000/- |

കേരള SIDCO യിൽ നിന്ന് 400 പ്ലാസ്റ്റിക് കസേരകളും 77 ഫോൾഡിംഗ് ടേബിളുകളുമാണ് വാങ്ങിയത്. പ്ലാസ്റ്റിക് കസേരകൾ സാംസ്കാരികനിലയത്തിൽ ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഫോൾഡിംഗ് ടേബിളുകൾ സാംസ്കാരിക നിലയത്തിൽ ഉപയോഗിക്കാതെ ഗ്രാമപഞ്ചായത്തിന്റെ ഗോഡൗണിൽ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. ഇപ്രകാരം ഉപയോഗിക്കാനാകാതെ ഇവ കിടക്കുന്നതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 07/2016 തീയതി 09.11.2016) മറുപടിയായി സാംസ്കാരിക നിലയം കെട്ടിടത്തിന്റെ എക്സ്റ്റൻഷൻ ബ്ളോക്ക് പഞ്ചായത്ത് പദ്ധതിയായി നടപ്പാക്കുന്നുണ്ടെന്നും നിർമ്മാണം പൂർത്തീകരിച്ചില്ലായെന്നും അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഇപ്രകാരം നിർമ്മാണം പൂർത്തീകരിക്കാത്ത സ്ഥാപനത്തിനു ഫർണ്ണിച്ചർ മുൻകൂട്ടി വാങ്ങിയതു മൂലം അവ ഉപയോഗിക്കാനാകാതെ പഞ്ചായത്ത് ഗോഡൗണിൽ കിടക്കേണ്ടിവരുന്നത് പദ്ധതി പ്രവർത്തനങ്ങളുടെ പാളിച്ചയാണ്. ചെലവു തുക 455000/- ഇക്കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

## (3-5) വെള്ളക്കരം അടവ് പഞ്ചായത്ത് ഫണ്ട് ചോർത്തുന്നു

വാട്ടർ അതോററ്റിയുടെ ബിൽ പ്രകാരം പഞ്ചായത്ത് പരിധിയിൽ ആകെ 389 പൊതു ടാപ്പുകൾ ഉണ്ട്. ഒരു

ടാപ്പിന് പ്രതിവർഷം 5250 രൂപ നിരക്കിൽ ഒരു മാസം 170188 രൂപയാണ് വാട്ടർ അതോറിറ്റിയിൽ ഒടുക്കി വരുന്നത്. ഇത് പ്രകാരം ഒരു വർഷം ആകെ 2042250 രൂപ പഞ്ചായത്ത് ഒടുക്കുന്നുണ്ട്. എന്നാൽ നിലവിൽ പ്രവർത്തനക്ഷമമായമായ ടാപ്പുകൾ എത്രയുണ്ട് എന്നത് സംബന്ധിച്ച കൃത്യമായ കണക്കില്ലാതെയാണ് ഇത്തരത്തിൽ 20 ലക്ഷത്തോളം രൂപ ഒടുക്കിവരുന്നത്.

ഇതേ സമയം തന്നെ ഗാർഹിക കണക്ഷൻ നൽകുന്നതിനായി 2014-15 ൽ 40 പേർക്ക് ആകെ 160000 രൂപയും 2015-16 വർഷം 35 പേർക്ക് 140000 രൂപയും പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. ഇതിന് ആനുപാതികമായി പൊതുടാപ്പുകളുടെ വെള്ളക്കരം കുറഞ്ഞിട്ടുമില്ല. വളരെ അടിയന്തിരമായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് പ്രവർത്തന ക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി വെള്ളക്കരം കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തനത് ഫണ്ടിന് ഉണ്ടാകുന്ന നഷ്ടത്തിന് സെക്രട്ടറിയും ഭരണസമിതി അംഗങ്ങള ഉത്തരവാദികളാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## (3-6) ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അർഹമായ നിരക്കിൽ നൽകുന്നില്ല

പ്രോജക്ട് നം. - S009/16

നിർവ്വഹണം - ICDS സൂപ്പർവൈസർ

അടങ്കൽ - 300000

ചെലവ് - 300000

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യർത്ഥികൾക്ക് സ്കോളർഷിപ്പായി നൽകാമായിരുന്ന 4.11 ലക്ഷം രൂപയുടെ ആനുകൂല്യം ഗ്രാമപഞ്ചായത്ത് നിഷേധിച്ചു. 2015-16 വർഷം പഞ്ചായത്തിലെ 42 കുട്ടികൾക്ക് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിന് പദ്ധതി നടപ്പിലാക്കിയിരുന്നു.

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണത്തിനുള്ള പ്രോജക്ട് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഏറ്റെടുത്തു നടപ്പിലാക്കേണ്ടതാണ്. ത്രിതല പഞ്ചായത്തുകളുടെ കാര്യത്തിൽ ഇതിന് ആവശ്യമായ തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 50:25:25 എന്ന അനുപാതത്തിൽ വകയിരുത്തേണ്ടതാണ്. എന്നാൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽനിന്നുമുള്ള വിഹിതം ലഭ്യമാക്കാതെ ഗ്രാമപഞ്ചായത്ത് വിഹിതം മാത്രം വകയിരുത്തിയാണ് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഇക്കാരണത്താൽ 2015-16 വർഷം സ്കോളർഷിപ്പ് നൽകിയ 42 വിദ്യാർത്ഥികൾക്കും അർഹമായ നിരക്കിൽ ധനസഹായം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. 42 ഗുണഭോക്താക്കൾക്ക് പൂർണ്ണ തോതിൽ ആനുകൂല്യം നൽകുന്നതിന് 711300 ലക്ഷം രൂപ ആവശ്യമായിരുന്നു. എന്നാൽ 3 ലക്ഷം രൂപ മാത്രം പദ്ധതിക്ക് വകയിരുത്തിയ സാഹചര്യത്തിൽ വകയിരുത്തിയ തുകയിൽ പരിമിതപ്പെടുത്തി ആനുകൂല്യം വിതരണം ചെയ്യുകയാണ് ഉണ്ടായത് (3700 മുതൽ 8500 രൂപ വരെ).

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (ജി.ഒ. (എം.എസ്.) നം. 362/2013 തീ.16.11.2013 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം 20000 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 5300 രൂപ മുതൽ 8000 രൂപ വരെയും സഹായം നൽകാമെന്നിരിക്കെ മതിയായ ഫണ്ട് വകയിരുത്താതെ തുച്ഛമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയത് ഇത്തരത്തിൽ അവശത നേരിടുന്നവരോടുള്ള പഞ്ചായത്തിന്റെ

അവഗണനയാണ് സൂചിപ്പിക്കുന്നത്.

ഭാവിയിൽ ഈ പദ്ധതി ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി ഏറ്റെടുക്കുന്നതിനും, മതിയായ ഫണ്ട് വകയിരുത്തി ഗുണഭോക്താക്കൾക്ക് അർഹമായ നിരക്കിൽ ധനസഹായം വിതരണം ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## (3-7) ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽവീതം ഫുഡ് ടെസ്റ്റ് ലാബിൽ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കുവാൻ സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18-02-2016 ഐ.സി.ഡി.എസ്.ബി3-312/2010 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഡ്രീംസ് ഫുഡ് സപ്ലിമെന്റ്, കിടങ്ങന്നൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് ന്യൂട്രിമിക്സ് വാങ്ങുന്നത്. അങ്കണവാടികളിലേക്ക് നൽകി വന്നിട്ടുള്ള അമൃതം ഫുഡ് ന്യൂട്രിമിക്സ് സാമ്പിളുകൾ ഇത്തരം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയതായി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സർക്കുലറിൽ നിർദ്ദേശിച്ചതു പോലെതന്നെ ഓരോ രണ്ടു മാസത്തിലൊരിക്കൽ വീതം ഫുഡ് ടെസ്റ്റ് നടത്തേണ്ടതും പരിശോധനയ്ക്ക് വിധേയമാക്കുന്ന സാമ്പിളുകൾ തൃപ്തികരമായ ഗുണനിലവാരം പുലർത്തുന്നില്ലെന്ന് ലാബ് റിപ്പോർട്ടിൽ തെളിയുന്നപക്ഷം പ്രസ്തുത ബാച്ചിൽപ്പെട്ട ഭക്ഷ്യ മിശ്രിതത്തിന്റെ വില അത് വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റിന് നൽകേണ്ടതില്ല എന്ന് കാര്യവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## (3-8) ഗവ. എൽ.പി.എസ്. എച്ച്.എം. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

2015-16 വർഷം എച്ച്.എം. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നംS076/16 എസ്.സി.കുട്ടികൾക്ക് നീന്തൽ പരിശീലനം

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിന് വേണ്ടി ആവിഷ്ക്കരിച്ച മേൽ പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും ആകെ 98000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട വിവിധ സർക്കാർ/എയിഡഡ് മേഖലയിലെ സ്കൂളുകളിൽ പഠിക്കുന്ന 35 കുട്ടികൾക്ക് പരിശിലനം നൽകിയതിന് റാന്നി- അങ്ങാടി നെല്ലിക്കാമണ്ണിലെ ബാറ്റ്മിന്റൺ ക്ലബ് എന്ന സ്ഥാപനത്തിനാണ് 03-02-16 ലെ 469588 നം ചെക്ക് പ്രകാരം മേൽ തുക കൈമാറിയത്. ടി സ്ഥാപനത്തിലെ സ്വിമ്മിംഗ് പൂളിൽ 15 ദിവസത്തെ പരിശീലനമാണ് നൽകിയത്. എന്നാൽ പരിശീലനം വിജയകരമായി പൂർത്തിയാക്കിയത് സംബന്ധിച്ച സർട്ടിഫിക്കറ്റ്, പരിശീലനാർത്ഥികൾ പട്ടികജാതി വിഭാഗത്തിൽപ്പട്ടവരാണെന്ന് തെളിയിക്കുന്ന രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവഴിച്ച തുക 98000-രൂപ തടസ്സപ്പെടുത്തുന്നു.

2. പ്രോജക്ട് നം S008/16- എസ്.എസ്.എ. വിഹിതം നൽകൽ

തൻവർഷം വികസനഫണ്ടിൽ നിന്നും ആകെ 500000രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയിട്ടുണ്ട്. പ്രോജക്ട് ഓഫീസറിൽ നിന്നും തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം 8-7-16, 11-7-16 എന്നീ തീയതികളിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക ചെലവഴിച്ചതെന്ന് പറഞ്ഞിട്ടില്ല. ടി പ്രോജക്ടു മുഖേന എസ്.എസ്.എ യ്ക്ക് നൽകിയ 5,00,000/- രൂപയുടെ ആനുപാതിക തുകയ്ക്കുള്ള പ്രവൃത്തികളുടെ വിശദ വിവരം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമല്ല. എസ്.എസ്.എ.യിൽ ഒടുക്കുന്ന വിഹിതത്തിന് ആനുപാതികമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## (3-9) വനിതാ ഘടകപദ്ധതിയ്ക്കായി തുക വകയിരുത്തൽ- പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

വി. ഇ. ഓ. നിർവ്വഹണ ഉദ്യോഗസ്ഥൻ ആയി നടപ്പാക്കിയ ഭവനപുനരുദ്ധാരണം ജനറൽ (പ്രോജക്ട് നം.S006/16) എന്ന പ്രോജക്ട് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച പ്രോജക്ടായിരുന്നു. ആയത് പ്രകാരം 52 ഗുണഭോക്താക്കൾക്ക് 20000 രൂപ വീതം സബ്സിഡി നൽകുന്നതിനായി വികസനഫണ്ടിൽ നിന്നും ആകെ 1040000 രൂപ ചെലവഴിച്ചിരുന്നു. എന്നാൽ ഇതിൽ ഏഴ് ഗുണഭോക്താക്കൾ പുരുഷൻമാരായിരുന്നു.

സ്ത്രീകളുടെ, പ്രത്യേകിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി ഉയർത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി മൊത്തം പദ്ധതി വിഹിതത്തിന്റെ 10% എങ്കിലും വനിതാ ഘടക പദ്ധതിയ്ക്കായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ നീക്കി വയ്ക്കേണ്ടതാണ്. സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനും സ്ത്രീ ഗൃഹനാഥയായ കുടുംബങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഉതകുന്ന പദ്ധതികളാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനകരമായപദ്ധതികൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ല. ഗൃഹനാഥരായ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഉതകുന്ന പദ്ധതികൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## (4-1) സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

-ഇല്ല-

## (4-2) ഡെപ്പോസിറ്റ് വർക്കിനു നൽകിയ മുൻകൂർ തുകയുടെ വിവരങ്ങൾ

| ക്രമ നം. | *പ്രോജക്ടിന്റെ പേര്* | *നിർവ്വഹണ ഏജൻസി* | *ബിൽനം/ തീയതി* | *തുക* | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | ചാത്തൻതറ-മടുക്കക്കാലാപ്പടി-ഓലിയ്ക്കപ്പടി-വൈദ്യുത ലൈൻ നീട്ടൽ | KSEB | 2/ 22.01.16 | 12440 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല |

## (4-3) മൊബിലൈസേഷൻ അഡ്വാൻസ്

-ഇല്ല-

## (4-4) വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | ബാക്കിയുണ്ടായിരുന്ന തുക | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ എം എസ് ഭവനപദ്ധതി | സഉ(സാധാ) 563/2010 /തസ്വഭ വ: 22.02.2016 | 12804000 | 5858894 | 1280400 | 431990 | 4578494 |

## (4-5) <u>സ്ഥിരനിക്ഷേപങ്ങൾ</u>

-ഇല്ല-

## (4-6) <u>ഓഡിറ്റ് റിക്കവറി</u>

-ഇല്ല-

## (4-7) <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം</u>

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളുമായി ബന്ധപ്പെട്ടതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | *സമാഹൃത റിപ്പോർട്ട് വർഷം* | *ഖണ്ഡിക* | *വിഷയം* | *ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|---|
| 1999-2000 | 36 | 2003-04 | 3.3.7(1) | കുളവനാംകുഴി വാറ്റുകുന്ന് റോഡിൽ കലുങ്ക് നിർമ്മാണം-ശ്രമദാനം തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് അംഗീകരിക്കാത്തത് | പരാമർശം തീർപ്പാക്കിയിട്ടില്ല |
| 1999-2000 | 37 | 2003-04 | 3.3.7(2) | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയത് സംബന്ധിച്ച് | പരാമർശം തീർപ്പാക്കിയിട്ടില്ല |
| 2000-2001 | 27(4) | 2003-04 | 3.3.7(3) | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നൽകിയത് | പരാമർശം തീർപ്പാക്കിയിട്ടില്ല |

# (4-8) ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (Receipt & Payment Statement പ്രകാരം മുന്നിരുപ്പ് ഉൾപ്പെടെ ) | 58409046 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51197169 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 356616 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1042498 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| *ഖണ്ഡിക നമ്പർ* | ചാർജ് ചെയ്യാവുന്ന തുക | *സർചാർജ്ജ് ചെയ്യാവുന്ന തുക* | *ഉത്തരവാദിയായ ഉദ്യോഗസ്ഥൻ* |
|---|---|---|---|
| 3-1 | | 56000 | Dr.അബിതാ മോൾ,മെഡിക്കൽ ഓഫീസർ,CHC |
| 3-2 | | 300616 | 150308/-,ശ്രീമതി.ഉഷാ C.K,അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | 150308/-, ശ്രീമതി എം.എസ്.ലത,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | | 356616 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 489498 | ശ്രീമതി.ഉഷാ C.K,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | 455000 | ശ്രീ.A.G അനിൽ കുമാർ.അസിസ്റ്റന്റ് സെക്രട്ടറി |
| 3-8(1) | 98000 | ശ്രീ. ജോൺ ശാമുവേൽ, എച്ച്.എം., ഗവ. എൽ.പി.എസ്. |
| ആകെ | 1042498/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-1

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| Dr. അബിതാ മോൾ, മെഡിക്കൽ ഓഫീസർ, CHC | മെഡിക്കൽ ഓഫീസർ, റാന്നി പഴവങ്ങാടി പി.എച്ച്.സി. | വിശ്വഭവൻ, കേർദ്ദുപുരം, കാഞ്ഞിരംകുളം P.O,695524 |
| ശ്രീമതി. C.K. ഉഷ | അസിസ്റ്റന്റ് എഞ്ചിനീയർ, വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് | മൈലമൂട്ടിൽ, ഇലവുംതിട്ട, പത്തനംതിട്ട. |
| ശ്രീമതി. എം.എസ്. ലത, അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എൻജീനിയർ | അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എൻജീനിയർ, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | മാരേത്ത് തെക്കേ വീട്ടിൽ, പുതുശ്ശേരി പി.ഒ, തിരുവല്ല. |

# (4-9) തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ. പി4/407/03 തീയതി | 1 ഖണ്ഡിക |

| | | |
|---|---|---|
| | 03-11-04/07-02-05 | |
| 1996-97 | എൽ.എഫ്.പി.റ്റി.എ. പി4/708/03/ തീയതി 03-11-04/08-02-05 | 11ഖണ്ഡിക |
| 1997-98 (വരവ്) | എൽ.എഫ്.പി.റ്റി.എ. പി3 /623/98 തീയതി 13-01-99/06-03-99 | 4ഖണ്ഡിക |
| ,, (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി4/657/05തീയതി 05-05-06 | 6ഖണ്ഡിക |
| 1998-99(വരവ്) | എൽ.എഫ്.പി.റ്റി.എ. പി4/658/05 തീയതി 07-01-06/05-05-06 | 2ഖണ്ഡിക |
| ,, (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി3 107/2000 തീയതി 03-03-06/ 07-11-07 | 16ഖണ്ഡിക |
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ. പി4/297/06 തീയതി 11-10-06/07-11-07 | 5ഖണ്ഡിക |
| ,, (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി4/287/02/തീയതി 19-03-03/03-10-03 | 1ഖണ്ഡിക |
| 2000-01 (വരവ്) | എൽ.എഫ്.പി.റ്റി.എ. പി4/488(എ)/06 തീയതി 11-10-06/30-11-07 | 5ഖണ്ഡിക |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി4 /659 /02തീയതി 03-04-03/05-08-03 | |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി4/454/04/തീയതി 15-10-14/02-02-05 | |
| ,, (വരവ്) | എൽ.എഫ്.പി.റ്റി.എ. പി4/488/06 തീയതി 12-10-06/30-11-07 | |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.പി.റ്റി.എ. പി4 /678/06 തീയതി 12-03-07/21-12-07 | |
| 2003-04 | എൽ.എഫ്.പി.റ്റി.എ. പി4/153/07തീയതി 13.09.07/22-12-07 | |
| 2004-05 | എൽ.എഫ്.പി.റ്റി.എ. പി8/890/10തീയതി 07-10-11/07-12-11 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ. പി8/891/10തീയതി 07-10-11/07-12-11 | |
| 2006-07, 2008-09 | എൽ.എഫ്.പി.റ്റി.എ. പി6/698/12തീയതി 25-10-12/30-11-13 | |
| 2009-10, 2010-11 | എൽ.എഫ്.പി.റ്റി.എ. പി6/596/13തീയതി 20-11-13/30-04-13 | |
| 2011-12 | എൽ.എഫ്.പി.റ്റി.എ. പി6/597/13തീയതി 20-11-13/14-11-2014 | |
| 2012-13 | എൽ.എഫ്.പി.റ്റി.എ. പി6/274/15തീയതി 01-07-15/09-07-15 | |
| 2013-14, 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി.6/167/2016 തീയതി: 19.03.2016 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി6/1278/2016 തീയതി : 01-12-2016

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമ പഞ്ചായത്തിന്റെ 2015-16വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

No.K.S.A.PTA.P6/1278/2016 Dated : 01-12-2016

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Vehoochira Gramma Panchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Vehoochira Gramma Panchayat for the year 2015-16 except the obeservations in this report properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director

Kerala State Audit Department, Pathanamthitta.